(ഡി) ഒരു മാസത്തിനുള്ളിൽ സ്ഥിരം കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

പരീക്ഷാഭവൻ, എസ്. സി. ഇ. ആർ. ടി. എന്നിവിടങ്ങളിലെ ദിവസക്കൂലി/കോൺട്രാക്ട് ജീവനക്കാർ

81 [2390] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവൻ, എസ്. സി. ഇ. ആർ. ടി. എന്നിവിടങ്ങളിൽ ദിവസക്കൂലി/കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്രപേർ വീതം ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നുവെന്ന് അറിയിക്കാമോ;

(ബി) ഇതുവരെ നിയമിച്ചത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയാണോ; അല്ലെങ്കിൽ എന്ത് മാനദണ്ഡപ്രകാരമാണ് ഇവരെ നിയമിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ തസ്തികയിലും എന്ത് വേതനം വീതമാണ് നൽകുന്നത്;

(ഡി) ഈ തസ്തികകളിൽ നിയമനത്തിനായി പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരീക്ഷാഭവനിൽ ഡേറാ എൻട്രി തസ്തികയിൽ 40 പേർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. എസ്.സി.ഇ.ആർ.ടി.യിൽ ദിവസക്കൂലിക്ക് 38 പേരും കോൺട്രാക്ട് അടിസ്ഥാനത്തിൽ 8 പേരും ജോലി ചെയ്യുന്നു.

ഡി.ടി.പി. ഓപ്പറേറർ	..	3
ഡേറാ എൻട്രി	..	9
സെക്യൂരിറി അസിസ്റൻറ്	..	2
ബയൻറർ	..	5
കാറലോഗ് അസിസ്റൻറ്	..	4
നൈറ് വാച്ചർ	..	1
പ്യൂൺ	..	3
അറൻഡർ	..	2
ലൈബ്രറി അറൻഡർ	..	6
ഗാർഡനർ	..	1
പ്രിൻറർ	..	2
പബ്ലിക്കേഷൻ ഓഫീസർ	..	1
അസിസ്റൻറ് പ്രൊഫസർ	..	2
പബ്ലിക് റിലേഷൻസ് ഓഫീസർ	..	1
ഡ്രൈവർ	..	4

(ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന 8 പേരെയും ബാക്കിയുള്ളവരെ എസ്. എസ്. എൽ. സി., സേ പരീക്ഷകളുടെ അടിയന്തിര ആവശ്യം പരിഗണിച്ച് മുൻ പരിചയത്തിൻെറ അടിസ്ഥാനത്തിലും

LIBRARY ARCHIVES Kerala Legislative Assembly

എസ്. സി. ഇ. ആർ. ടി.-യിൽ ഗവേണിംഗ് ബോഡിയുടെ അനുമതിയോടു കൂടിയാണ് നിയമിച്ചിട്ടുള്ളത്. പരീക്ഷാഭവനിലുള്ളവരെ സേ പരീക്ഷയുടെ ആവശ്യം കഴിഞ്ഞാൽ ഉടൻ പിരിച്ചു വിടുന്നതാണ്.

(സി) പരീക്ഷാഭവനിൽ ഡോറ എൻട്രി തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ദിവസക്കൂലിയായി 170 രൂപ നൽകുന്നു.

എസ്. സി. ഇ. ആർ. ടി.:		ദിവസക്കൂലി (രൂപ)
ഡി. ടി. പി. ഓപ്പറേറർ	..	200
ഡോറാ എൻട്രി ഓപ്പറേറർ	..	170
സെക്യൂരിറ്റി അസിസ്റ്റൻറ് ബൈൻഡർ കാറ്റലോഗ് അസിസ്റ്റൻറ്	..	140
നൈറ്റ് വാച്ചർ, പ്യൂൺ കോൺട്രാക്ട്	..	120
പബ്ലിക്കേഷൻ ഓഫീസർ	..	8000
അസിസ്റ്റൻറ് പ്രൊഫസർ	..	8000
പബ്ലിക് റിലേഷൻസ് ഓഫീസർ	..	8000
ഡ്രൈവർ	..	4000

(ഡി) പരീക്ഷാഭവനിൽ ഡോറാ എൻട്രി തസ്തിക സ്ഥിരമല്ലാത്തതിനാൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല. എസ്. സി. ഇ. ആർ. ടി. യിൽ സ്ഥിരം തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ആലപ്പുഴ ജില്ലയിൽ ഫിസിക്കൽ സയൻസ് എച്ച്. എസ്. എ. മാരുടെ ഒഴിവുകൾ

82 [2392] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എച്ച്. എസ്. എ. ഫിസിക്കൽ സയൻസിന്റെ എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

8 ഒഴിവുകൾ. പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വണ്ടൂർ ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളിനെ ബൈഫർക്കേഷൻ

83 [2393] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വണ്ടൂർ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻററി സ്കൂളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളും +1, +2, വി. എച്ച്. എസ്. എന്നീ കോഴ്സുകളും പഠിപ്പിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്കൂളിലെ യു. പി. വരെയുള്ള വിഭാഗവും ഹൈസ്കൂൾ വിഭാഗവും വെവ്വേറെ ഹെഡ്മാസ്റ്റർക്ക് കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly